ചാലക്കുടി നദീതടത്തിൽ 2.3 ടി.എം.സി. വെള്ളം ആവശ്യപ്പെട്ടതിന് തമിഴ്നാട് സർക്കാരിന്റെ പ്രതികരണം

38 [201] ശ്രീ. ഇ. എം. അഗസ്തി:
" വി. ഡി. സതീശൻ:
" ഡി. സുഗതൻ:
ശ്രീമതി മാലേത്ത് സരളാദേവി:
" രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നദീതടത്തിൽ 2.3 ടി.എം.സി. വെള്ളം കൂടുതലായി നൽകണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടപ്പോൾ അവരുടെ പ്രതികരണം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) നീരൊഴുക്ക് കുറഞ്ഞപക്ഷം കരാർ പ്രകാരമുള്ള 13.3 ടി.എം.സി. വെള്ളം തരാൻ കഴിയുകയില്ലെന്ന നിലപാട് തമിഴ്നാട് സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനോടുള്ള സംസ്ഥാനത്തിന്റെ സമീപനമെന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പി.എം.പി. കരാർ പുതുക്കുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നുവരികയാണ്. ഈ ചർച്ചകളുടെ അവസാനത്തിൽ മാത്രമേ തമിഴ്നാടിന്റെ പ്രതികരണം വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

(ബി) മണക്കടവ് വിയറിൽ കരാർ പ്രകാരമുള്ള ജലം മുഴുവനും തമിഴ്നാട് എല്ലാ തവണയും നല്കിയിട്ടില്ല. എങ്കിലും കരാർ പ്രകാരമുള്ള ജലം തരാൻ സാധിക്കില്ല എന്ന നിലപാട് സ്വീകരിച്ചിട്ടില്ല.

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർമൂലം കേരളത്തിന് അർഹമായ ജലം മുഴുവൻ ലഭിക്കണമെന്ന് തന്നെയാണ് കേരള സർക്കാർ എടുത്തിട്ടുള്ള നിലപാട്.

ആലപ്പുഴ നഗരത്തിലെ പുരാതനമായ കനാലുകളുടെ നവീകരണം

39 [202] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിലെ പുരാതനമായ കനാലുകൾ നവീകരിക്കുന്നതിന് ജലവിഭവ വകുപ്പ് എന്തെങ്കിലും പദ്ധതികൾ അംഗീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളും അതിന്റെ പുരോഗതിയും വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly